# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 08.02.2023 മുതൽ 12.02.2023 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ11/2023 | തീയ്യതി: 07/02/2023 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 34.0 – 35.4 | 23.6 – 25.7 | 56.1 – 90.4 | 00.0 – 10.0 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 08-02-2023 | 09-02-2023 | 10-02-2023 | 11-02-2023 | 12-02-2023 |
|---|---|---|---|---|---|
| മഴ, മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയ താപനില, °C | 35 | 35 | 35 | 35 | 34 |
| കുറഞ്ഞ താപനില, °C | 25 | 24 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 3 | 3 | 3 | 3 | 3 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 70 | 70 | 50 | 50 | 50 |
| മേഘ വിന്യാസം, ഒക്ടാ | 4 | 5 | 4 | 5 | 3 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **മഴയില്ല**** | | |
| | മഴയില്ല. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും (34°C) രാത്രികളിൽ കുറഞ്ഞ താപനിലയും (23°C) തെളിഞ്ഞ ആകാശവും അനുഭവപ്പെടും.<br>അന്തരീക്ഷ ആർദ്രത 50% നും 76% നും ഇടയിൽ അനുഭവപ്പെടും. | | |
| **പൊതു നിർദ്ദേശങ്ങൾ** | ഇലകരിച്ചിൽ വാട്ടം മുതലായ പൂപ്പൽ രോഗങ്ങൾ അധികരിച്ചേക്കാം. രോഗബാധയുടെ പ്രാരംഭ ദശയിൽ തന്നെ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.<br>വരൾച്ചയെ പ്രതിരോധിക്കാൻ:-<br>1) വിളകളുടെ തടത്തിൽ പുതയിടുക.<br>2) സാധ്യമായിടങ്ങളിലൊക്കെ കണിക ജലസേചന രീതി അവലംബിക്കുക.<br>3) പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക.<br>4) നനയില്ലാത്ത വിളകൾക്ക് രാസവളങ്ങൾ, കോഴിവളങ്ങൾ എന്നിവ മിതമായി മാത്രം പ്രയോഗിക്കുക.<br>5) വിളകളുടെ തടിയിൽ കുമ്മായം പൂശുക | | |

| | | | |
|---|---|---|---|
| | 6) സൾഫേറ്റ് ഓഫ് പൊട്ടാഷ് അഞ്ച് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പതിനഞ്ചു ദിവസ ഇടവേളകളിൽ ഇലകളിൽ തളിക്കുക<br>ഈർപ്പ നഷ്ടം കുറക്കാനായ് മണ്ണിനു പുതയിടുകകീട .-രോഗ ബാധയില്ലാത്ത വിളകളുടെ അവശിഷ്ടങ്ങളോ പച്ചിലകളോ കരിയിലകളോ ഇതിനായി ഉപയോഗിക്കാം. തനതു വിളകളുടെ അവശിഷ്ടങ്ങൾ ഒഴിവാക്കുന്നത് പുതയിൽ പ്രസ്തുത വിളയെ ബാധിക്കുന്ന കീട രോഗങ്ങളുടെ പ്രജനനം ഒഴിവാക്കാൻ സഹായകരമാകുംമേൽമണ്ണ് ഇളക്കി പൊടിച്ചു . ഇത് മണ്ണിലെ .നിയതമായി പരത്തിയിടുന്നത് പുതയിടുന്നതിനു സമാനമായ ഒരു രീതിയാണ് .ഈർപ്പ നഷ്ടം തടയാൻ സഹായിക്കും | | |
| തെങ്ങ് | വിവിധ ഘട്ടം | വരൾച്ച | 1) താഴത്തെ നിരയിലെ രണ്ടു പച്ചോലകൾ വെട്ടി മാറ്റുക<br>2) തടത്തിൽ കമ്പോസ്റ്റ് വിതറുക<br>3) ഉണങ്ങിയ ഓലകൾ കൊണ്ട് പുതയിടുക<br>4) കണികാ ജലസേചനം സ്വീകരിക്കുക<br>5) തൈ തെങ്ങുകളെ തണൽ നൽകി സംരക്ഷിക്കുക |
| മാവ് | കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | നിലത്തു വീണു കിടക്കുന്ന കായീച്ചകളെ എടുത്തു 60 സെ. മീ. ആഴത്തിൽ കുഴി ഉണ്ടാക്കി നശിപ്പിക്കുക.<br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (സെന്റിന് ഒന്ന് വീതം) സ്ഥാപിക്കുക. |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | പൊടി പൂപ്പൽ രോഗം<br> | മുൻ കരുതലായി "മാങ്കോസെബ്" 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ "ലൈം സൾഫർ " 3 ഗ്രാം. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 10 ദിവസ ഇടവേളകളിൽ രണ്ടു തവണ തളിക്കുക..<br>രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക. |
| പാവയ്ക്ക | വിവിധ ഘട്ടം | കായീച്ച<br> | ഫിറമോൺ കെണി 15സെന്റിന് 1വീതം തൂക്കിയിടുക.<br>OR<br>10% ശർക്കരയും 0.1% മാ ലത്തിയോണും അടങ്ങിയ മിശ്രിതം ഇലയുടെ അടിഭാഗത്തായി $40m^2$ സ്ഥലത്തേക്ക് രണ്ടാഴ്ച ഇടവേളകളിൽ തളിച്ച് കൊടുക്കുക . |
| ചീര | വിവിധ ഘട്ടം | ഇലകരിച്ചിൽ<br> | ജലസേചനം നടത്തുമ്പോൾ വെള്ളം ഇലകളുടെ മുകളിൽ വീഴാതെ തടത്തിൽ ഒഴിച്ച് കൊടുക്കുക. കരിച്ചിൽരൂക്ഷമായാൽചാണകത്തെളി (1കി.ഗ്രാം.ചാണകം 10 ലി. വെള്ളത്തിൽ കലക്കി അരിച്ചു തെളി എടുക്കുക) തളിച്ച് കൊടുക്കുക .കൂടാതെ 2% വീര്യത്തിൽ സ്യൂഡോമോണാസ് /ട്രൈക്കോഡെർമ മണ്ണിൽ ഒഴിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| മത്തൻ | കായിക വളർച്ചാ ഘട്ടം | മത്തൻ വണ്ട്<br> | മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തയ്യാറാക്കിയ കീടനാശിനി തളിക്കുക.<br><br>മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി മണ്ണിൽ കുതിർക്കുകയും ചെയ്യുക. കീടനാശിനി മണ്ണിൽ കുതിർക്കുന്നതിനു മുൻപേ വിളകൾക്ക് ജലസേചനം നൽകുക. തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക. |
| വഴുതന | വിവിധഘട്ടം | എപിലാക് ന വണ്ട്<br> | എപിലാക്ന വണ്ട് വണ്ടിന്റെ എല്ലാ വളർച്ചാഘട്ടങ്ങളും നശിപ്പിച്ചു കളയുക. വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം 20 മിലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഒഴിക്കുക. വേപ്പെണ്ണ കുരു സത്ത് 5 ശതമാനം വീര്യത്തിൽ കലക്കി ഒഴിക്കുക |
| കവുങ്ങ് | 3 - 4 വർഷം പ്രായമായ തൈകൾ | ഇല കരച്ചിൽ, കൂമ്പു ചീയൽ എന്നിവ<br> | 1% ബോഡോ മിശ്രിതം തളിക്കുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്ത നിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻ നടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾ ആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി